# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.23** **07.08.2017 ൽ മറുപടി നൽകേണ്ടത്.**

**<u>സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത</u>**

**ചോദ്യം**
**ശ്രീ.കെ.സി.ജോസഫ്**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ.എ.പി. അനിൽ കുമാർ**

**ഉത്തരം**
**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പുതിയ നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം അംഗീകരിച്ച് 13.07.2017-ലെ സ.ഉ (അച്ചടി) നം. 9/2017/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സുതാര്യത, അവകാശാധിഷ്ഠിത വികസനം, ഇ-ഗവേണൻസ് എന്നിവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ഉദ്യോഗസ്ഥരുടെ പരിശീലനം ക്രമപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | പൊതുജനസേവന സംവിധാനമായി സർക്കാർ സർവ്വീസിനെ മാറ്റുന്ന വിധത്തിൽ പരിശീലന പരിപാടിക്ക് രൂപം നൽകുമോ; വ്യക്തമാക്കുമോ? | (സി) | 13.07.2017-ലെ സ.ഉ (അച്ചടി) നം. 9/2017/ഉഭപവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലനനയം എല്ലാ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ജീവിതകാല മുടനീളമുള്ള പഠനാധിഷ്ഠിത പരിശീലനവും വികസന തന്ത്രങ്ങളും ഉറപ്പാക്കി ജീവനക്കാരെ പൂർണ്ണ വികസനം കൈവന്ന കർത്തവ്യ ബോധമുള്ള പെരുമാറ്റ തത്വമുള്ള വികസനോന്മുഖമായ നല്ല പെരുമാറ്റമുള്ള കഴിവുള്ള, |

| | | | |
|---|---|---|---|
| | | | പൊതുജനക്ഷേമ തല്പരരായ, പ്രത്യേകിച്ച് പാർശ്വവല്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമത്തിന് പ്രതിജ്ഞാബദ്ധമായ തൊഴിൽ സംഘങ്ങളിലെ അംഗങ്ങളായി പരിവർത്തനം ചെയ്യിക്കും. ഇതിന്റെ ഫലമായി ജനകീയോന്മുഖമായ ഒരു പൊതുജനസേവന സംവിധാനമാണ് പ്രതീക്ഷിക്കുന്നത്. ഇത് തീരുമാന മെടുക്കുന്നതിൽ ജനങ്ങളുടെ പങ്കാളിത്തത്തിന് ഏറെ സൗകര്യം ഒരുക്കുകയും ഭരണത്തിന്റെ പൂർണ്ണമായ മികവിലേക്കുള്ള പ്രയാണത്തിൽ തുടർച്ചയായ നവീന ആശയങ്ങൾക്ക് കളമൊരുക്കുകയും ചെയ്യും. ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും പ്രകടനത്തെ മെച്ചപ്പെടുത്താനും സേവന നിലവാരം ഉയർത്താനും ഇതിലൂടെ ഉദ്ദേശിക്കുന്നു. |

Deepa

സെക്ഷൻ ഓഫീസർ